ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:17.06.2025

## പ്രധാനവാർത്തകൾ

1. ജി 7 ഉച്ചകോടിയിൽ പങ്കെടുക്കാനായി പ്രധാനമന്ത്രി നരേന്ദ്രമോദി കാനഡയിൽ എത്തി.

2. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണത്തിന് ഇന്ന് കൊട്ടിക്കലാശം.

3. മാലിന്യ സംസ്ക്കരണത്തിൽ കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തുന്നതിനുള്ള സ്വച്ഛ് സർവേക്ഷൻ ഗ്രാമീൺ സർവേക്ക് സംസ്ഥാനത്ത് തുടക്കമായി.

4. ഹയർസെക്കന്ററി ഒന്നാം വർഷ ക്ലാസ് നാളെ ആരംഭിക്കും. പ്രവേശനോത്സവം തിരുവനന്തപുരത്ത് മന്ത്രി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

5. ഇറാൻ - ഇസ്രായേൽ സംഘർഷം രൂക്ഷം. ടെഹ്റാനിലെ ഇന്ത്യൻ വിദ്യാർത്ഥികളെ നഗരത്തിന് പുറത്തേക്ക് മാറ്റി.

6. സംസ്ഥാനത്ത് ശക്തമായ മഴ തുടരും. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

RJU TVPM

7. **ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം വെള്ളിയാഴ്ച.**

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി- കാനഡ

ജി 7 ഉച്ചകോടിയിൽ പങ്കെടുക്കാനായി പ്രധാനമന്ത്രി നരേന്ദ്രമോദി കാനഡയിൽ എത്തി. തുടർച്ചയായി ഇത് ആറാം തവണയാണ് ജി-7 ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കുന്നത്. ഇന്ന് വൈകുന്നേരം ഉച്ചകോടിയിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി നിരവധി ഉഭയകക്ഷി യോഗങ്ങളിലും പങ്കെടുക്കും. നിർണായക ആഗോള വിഷയങ്ങളിൽ ജി-7 രാജ്യങ്ങളിലെ നേതാക്കളുമായും മറ്റ് ക്ഷണിക്കപ്പെട്ട രാജ്യങ്ങളുമായും അന്താരാഷ്ട്ര സംഘടനകളുടെ തലവന്മാരുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

RNUTVPM

&&&&&&&&&&&&&&&&&&

## നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്-ഇൻഡ്രോ

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. അവസാന മണിക്കൂറുകൾ ശക്തി തെളിയിക്കാനുള്ള പ്രകടനമാക്കാനാണ്, പ്രധാന മുന്നണികളുടെ തീരുമാനം. മഴ പെയ്തിറങ്ങുന്നതൊന്നും അണികളുടെ ആവേശത്തെ തണുപ്പിക്കുന്നില്ല.

പ്രധാനമായും നിലമ്പൂരിലും എടക്കരയിലുമാണ് ഇന്ന് വൈകിട്ട് കൊട്ടിക്കലാശം നടക്കുക.

(വോയിസ്)

&&&&&&&&&&&&&&&&&&

**ഗ്രാമീൺ സർവെ**

മാലിന്യ സംസ്ക്കരണത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തുന്നതിനുള്ള സ്വച്ഛ് സർവേക്ഷൻ ഗ്രാമീൺ സർവേക്ക് ഇന്ന് തുടക്കം. സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീണിന്റെ ഭാഗമായി മുഴുവൻ സംസ്ഥാനങ്ങളിലുമാണ് സർവ്വേ നടക്കുക. സംസ്ഥാനത്ത് തദ്ദേശഭരണവകുപ്പും ശുചിത്വമിഷനും ചേർന്ന് സർവ്വേ നടപടികൾ ഏകോപിപ്പിക്കും. കേരളത്തിൽ 450 വില്ലേജുകളിൽ പരിശോധന നടക്കും. വീടുകൾ, തദ്ദേശഭരണ സ്ഥാപന ഓഫീസുകൾ, സ്കൂളുകൾ, അങ്കണവാടികൾ, പൊതുസ്ഥലങ്ങൾ, മാർക്കറ്റുകൾ, ആരാധനാലയങ്ങൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മാലിന്യസംസ്ക്കരണ സംവിധാനങ്ങളും ശുചിത്വ നിലവാരവും പരിശോധിക്കും.

&&&&&&&&&&&&&&&&&&

**പ്ലസ് വൺ പ്രവേശനം**

RNU TVPM

സംസ്ഥാനത്ത് ഹയർസെക്കൻററി ഒന്നാം വർഷ ക്ലാസ് നാളെ ആരംഭിക്കും. സംസ്ഥാനതല പ്ലസ് വൺ പ്രവേശനോത്സവം തിരുവനന്തപുരത്ത് തൈക്കാട് ഗവണ്മെൻറ് മോഡൽ ബോയിസ് ഹയർസെക്കൻററി സ്കൂളിൽ നടക്കും. മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. പ്ലസ് വൺ പ്രവേശനത്തിൻറെ മൂന്നാം അലോട്ട്മെൻറ് ഞായറാഴ്ച പ്രസിദ്ധീകരിച്ചിരുന്നു. ഇന്ന് വൈകിട്ട് അഞ്ചു വരെ പ്രവേശനം നേടാം.

&&&&&&&&&&&&&&&&&&

**മരുഭൂവൽക്കരണം**

ഇന്ന് മരുഭൂവൽക്കരണവും വരൾച്ചയും പ്രതിരോധിക്കുന്നതിനായുള്ള ലോക ദിനം. "ഭൂമിയെ പുനഃസ്ഥാപിക്കുക. അവസരങ്ങൾ അനാവരണം ചെയ്യുക" എന്നതാണ് ഈ വർഷത്തെ പ്രമേയം. കാലാവസ്ഥാ വ്യതിയാന പ്രതിരോധം, ജൈവവൈവിധ്യം, സുസ്ഥിര ഗ്രാമവികസനം എന്നിവയ്ക്കായി ഭൂമിയെ വീണ്ടെടുക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുകയാണ് ദിനാചരണത്തിൻറെ ലക്ഷ്യം.

&&&&&&&&&&&&&&&&&&

**ഇറാൻ - ഇസ്രായേൽ-കൺട്രോൾ റൂം**

RIUTVPM

ഇറാൻ - ഇസ്രായേൽ സംഘർഷം രൂക്ഷം. സ്ഥിതി കണക്കിലെടുത്ത് രാജ്യത്തെ വിദേശകാര്യമന്ത്രാലയം കൺട്രോൾ റൂം തുറന്നു . ടോൾ ഫ്രീ നമ്പറായ 1800-11-8797 ലോ, 9968291988 എന്ന Whatsapp നമ്പറിലോ വിവരങ്ങൾ അറിയാം. കൂടാതെ, ഇറാൻ തലസ്ഥാനമായ ടെഹ്റാനിലെ ഇന്ത്യൻ എംബസിയിലും അടിയന്തര ഹെൽപ്പ്ലൈൻ സജ്ജമാക്കിയിട്ടുണ്ട്. എംബസി മുൻകൈയെടുത്ത് ടെഹ്റാനിലെ ഇന്ത്യൻ വിദ്യാർത്ഥികളെ നഗരത്തിന് പുറത്തേക്ക് മാറ്റി. ചില ഇന്ത്യക്കാർക്ക് അർമേനിയൻ അതിർത്തി വഴി ഇറാനിൽ നിന്ന് പുറത്തു കടക്കാനും സൗകര്യമൊരുക്കിയിട്ടുണ്ട്. സാധ്യമായ എല്ലാ സഹായങ്ങളും ഉറപ്പാക്കുന്നതിനായി എംബസി ഇന്ത്യൻ സമൂഹവുമായി നിരന്തര ബന്ധം പുലർത്തി വരുന്നു.

RNUTVM

&&&&&&&&&&&&&&&&&&

**മന്ത്രി പി പ്രസാദ്**

തണ്ണീർതട സംരക്ഷണ നിയമത്തിൽ ഒരു വിട്ടുവീഴ്ചയുമില്ലെന്ന് കൃഷി മന്ത്രി പി പ്രസാദ്. വ്യവസായ പദ്ധതികൾക്ക് തണ്ണീർതടങ്ങൾ ഒഴികെ മറ്റ് സ്ഥലങ്ങൾ പരിഗണിക്കുന്നതാണ് ഉചിതമെന്നും മന്ത്രി മാധ്യമ പ്രവർത്തകരോട് പറഞ്ഞു. അനധികൃതമായി നികത്തിയ സ്ഥലങ്ങൾ കരഭൂമിയായി കാണാൻ കഴിയില്ലെന്നും ആറന്മുളയിലെ വിവാദ ഭൂമിയെകുറിച്ചുള്ള ചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## ആംനെസ്റ്റി പദ്ധതി സെമിനാർ

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് സംഘടിപ്പിക്കുന്ന 'ആംനെസ്റ്റി പദ്ധതി 2025' സെമിനാർ നാളെ ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്ത് നടക്കും. മന്ത്രി കെ.എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## ടെസ്റ്റ് ചാമ്പ്യൻഷിപ്പ്

ലോക ടെസ്റ്റ് ക്രിക്കറ്റ് ചാംപ്യൻഷിപ്പിന്റെ നാലാം പതിപ്പിന് ഇന്ന് തുടക്കം. ശ്രീലങ്കയും ബംഗ്ലാദേശും തമ്മിലാണ് ആദ്യ മത്സരം. കൊളംബോയിലെ ഗാലെ ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് കളി നടക്കുന്നത്. രണ്ട് വർഷത്തെ കാലാവധിയാണ് ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിനുള്ളത്.

RNUTVPM

&&&&&&&&&&&&&&&&&&&

## ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ്

ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ഇന്ത്യയുടെ ആദ്യ മത്സരം വെള്ളിയാഴ്ച ആരംഭിക്കും. ലണ്ടനിലെ ലീഡ്സിൽ, ഹെഡിങ്ലിയിലാണ്

ആദ്യ ടെസ്റ്റ്. തലമുറമാറ്റത്തിനൊരുങ്ങിയ ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ ആദ്യ പരീക്ഷണമാണ് ഇംഗ്ലണ്ട് പര്യടനം. ശുഭ്മാൻ ഗില്ലാണ് ഇന്ത്യയുടെ പുതിയ ടെസ്റ്റ് ക്യാപ്റ്റൻ. വിക്കറ്റ് കീപ്പർ ബാറ്റർ ഋഷഭ് പന്താണ് വൈസ് ക്യാപ്റ്റൻ. മലയാളി താരം കരുൺ നായർ ദേശീയ ടീമിൽ തിരിച്ചെത്തി.

&&&&&&&&&&&&&&&&&&

**മഴ-സംസ്ഥാനം**

സംസ്ഥാനത്ത് ശക്തമായ മഴ തുടരും. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് കാസർകോട് ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയാണ്. കുട്ടനാട് താലൂക്കിനും അവധി നൽകി. മുൻ നിശ്ചയ പ്രകാരമുള്ള പരീക്ഷകൾക്ക് മാറ്റമില്ല.

RIJU TVPM

&&&&&&&&&&&&&&&&&&

**കണ്ണൂർ -മഴ-ഇൻഡ്രോ**

ശക്തമായ മഴ തുടരുന്ന കണ്ണൂർ ജില്ലയിൽ ഇന്ന് ഓറഞ്ച് അലർട്ട് ആണ് .വൻ നാശനഷ്ടമാണ് ജില്ലയിൽ ഉണ്ടായിട്ടുള്ളത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ

(വോയിസ്)

&&&&&&&&&&&&&&&&&&

**കാസർഗോഡ്- മഴ -ഇൻഡ്രോ**

കാസർഗോഡ് ജില്ലയിൽ കനത്ത മഴ. വെള്ളരിക്കുണ്ട് താലൂക്കിലെ കോട്ടമലയിൽ ഉരുൾപൊട്ടി. എല്ലാ നദികളും കരകവിഞ്ഞ് ഒഴുകുകയാണ് നിരവധി കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു .

***വിശദാംശങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി.ജഗന്നിവാസൻ***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**പ്രളയ സാധ്യത മുന്നറിയിപ്പ്**

സംസ്ഥാനത്ത് വിവിധ നദികളിൽ ജലനിരപ്പ് അപകടകരമാം വിധം ഉയരുന്നതിനാൽ ജലസേചന വകുപ്പും കേന്ദ്ര ജലകമ്മീഷനും ജാഗ്രത നിർദേശം നൽകി . കാസറഗോട്ടെ ഉപ്പള, നീലേശ്വരം, മൊഗ്രാൽ

RNU TVPM

,കോഴിക്കോട്ടെ കോരപ്പുഴ , പത്തനംതിട്ടയിലെ മണിമല നദികളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു .ഈ നദീ തീരങ്ങളിൽ ഉള്ളവർ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

**മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം**

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 19 വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തീരത്ത് ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പ്.

RNUTVPM

&&&&&&&&&&&&&&&&&&

**ശബരിമല**

ശബരിമലയിലും പരിസരപ്രദേശങ്ങളിലും ഇടവിട്ടുള്ള ശക്തമായ മഴ തുടരുന്നു. അയ്യപ്പന്മാർക്ക് തെന്നിവീണു പരുക്കേറ്റതോടെ നീലിമലപാതയിൽ നിയന്ത്രണം ഏർപ്പെടുത്തി. സ്വാമി അയ്യപ്പൻ റോഡ് വഴി തീർഥാടകരെ തിരിച്ചു വിടാൻ പ്രത്യേക പൊലീസ് സംഘം സ്ഥലത്തുണ്ട്. പമ്പാ സ്നാനത്തിനും രണ്ടു ദിവസമായി നിയന്ത്രണമുണ്ട്

&&&&&&&&&&&&&&&&&&

## ആലപ്പുഴ-മരണം

ആലപ്പുഴ അർത്തുങ്കൽ ഫിഷ് ലാൻ്റിനു സമീപം കടൽത്തിരത്ത് മൃതദേഹമടിഞ്ഞു. അപകടത്തിൽപ്പെട്ട കപ്പലിൽ നിന്നു കാണാതായ വിദേശ പൗരൻ എന്നാണ് പ്രാഥമിക വിലയിരുത്തൽ.

&&&&&&&&&&&&&&&&&&

## ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

വൈജ്ഞാനിക കൃതികൾക്ക് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തിയ പുരസ്കാരങ്ങൾക്കായി കൃതികൾ ക്ഷണിച്ചു. കഴിഞ്ഞ വർഷം ജനുവരി ഒന്നു മുതൽ 31 വരെ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച കൃതികളും വിവർത്തനങ്ങളും ഗവേഷണ പ്രബന്ധങ്ങളുമാണ് പരിഗണിക്കുന്നത്. ഈ മാസം 30-നകം കൃതികൾ സമർപ്പിക്കണം.

RNU TVPM

&&&&&&&&&&&&&&&&&&

## ഫാക്ട് ചെക്ക്

അഹമ്മദാബാദ് വിമാന അപകടത്തിന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ പ്രസിദ്ധീകരിച്ചതായി അവകാശപ്പെടുന്ന സന്ദേശം സർക്കാർ നിഷേധിച്ചു. സന്ദേശം വ്യാജമാണെന്നും റിപ്പോർട്ട് AAIB

പ്രസിദ്ധീകരിച്ചിട്ടില്ല എന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു .

&&&&&&&&&&&&&&&&&&

**കൊട്ടിയൂർ**

കണ്ണൂർ കൊട്ടിയൂർ വൈശാഖോ ത്സവത്തിലെ പ്രധാന ചടങ്ങായ ഇളനീർ വെപ്പ് ഇന്നു രാത്രി ആരംഭിക്കും. രാത്രി മന്ദംചേരിയിലെ ബാവലിക്കരയിൽ കാത്തിരിക്കുന്ന ഇളനീർ വ്രതക്കാർ രാശി വിളിക്കുമ്പോൾ ഇളനീർക്കാവുകളുമായി സന്നിധാനത്തേക്ക് ഓടിയെത്തി ഇളനീർക്കാവുകൾ സമർപ്പിക്കും. നാളെ ആണ് ഇളനീരാട്ടം. വൈശാഖോത്സവത്തിലെ രണ്ടാമത്തെ ആരാധനയായ അഷ്ടമി ആരാധനയും നാളെ നടക്കും.

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&